

# Julius Arackal CMI

## Amala Hospital, Thrissur



പേരിൽ തന്നെ വിനയം ഒളിച്ചുവെച്ച ഒരു മഹാത്മാവ്. മുമ്പിൽ കണ്ട വ്യക്തികൾ, സംഭവങ്ങൾ, ആശയങ്ങൾ എല്ലാം അച്ചന് അത്ഭുതങ്ങൾ ആയിരുന്നു. ധർമ്മാരാമിൽ ഫിലോസഫി പഠിക്കുന്ന കാലം, എവിടെയോ കേട്ട ചിന്ത സ്വന്തം ചിന്തയാക്കി അദ്ദേഹത്തോട് പങ്കുവെച്ചപ്പോൾ ആ കണ്ണുകൾ അത്ഭുതംകൊണ്ട് വിടർന്നിരുന്നു. ആ മുഖത്ത് തെളിയാറുള്ള കൗതുകവും വാത്സല്യവും ഇന്നും മനസ്സിൽ ഒരു കുളിർതെന്നലായി നിൽക്കുന്നു. പ്രാർത്ഥനാമുറിയിൽ സക്രാരിയിൽ നിന്നും കണ്ണെടുക്കാതെ ഒരു കുഞ്ഞിൻെറ വാശിയോടെ ദീർഘനേരം ഇരിക്കാറുള്ള കാഴ്ച ഒരിക്കലും മനസ്സിൽ നിന്നും മായില്ല. പലയിടങ്ങളിൽ നിന്നും അനേകം ജനങ്ങൾ യേശു വിൻെറ അടുത്തേക്ക് വന്നുകൊണ്ടിരുന്നു (മർക്കോസ് 1:45): വിനീതച്ചൻ എല്ലാവരെയും തൻെറ സ്നേഹവലയത്തിലേക്ക് സ്വീകരിക്കുകയായിരുന്നു. അച്ചൻ ജീവിതത്തിൽ സൂക്ഷിച്ച നിഷ്കളങ്കത എന്നും മാതൃകയായിരുന്നു.

ഫിലോസഫി പഠനത്തിൻെറ ആദ്യനാളുകളിൽ essence and existence എന്ന ചോദ്യത്തിന് essence എന്നത് കേക്ക് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഒരു കൂട്ട് എന്ന സഹപാഠിയുടെ ഉത്തരം അച്ചനെ ഒരുപാട് ചൊടിപ്പിച്ചു. പുറത്തുവന്ന അച്ചൻ ഞങ്ങളുടെ അടുക്കൽ കുറെ ദേഷ്യത്തോടെ ഈ സംഭവം വിവരിച്ചു. കൂട്ടത്തിൽ ഒരാൾ അല്പം സങ്കോചത്തോടെ പറഞ്ഞു: അച്ചോ, കേക്കിൽ മണവും രുചിയും കൂട്ടാൻ essence എന്നൊരു കൂട്ട് ഉപയോഗിക്കാറുണ്ട്. അച്ചൻെറ കോപം പെട്ടെന്ന് അടങ്ങി; അങ്ങനെയാണെങ്കിൽ ആ കുട്ടി തെറ്റിദ്ധരിച്ചത് ആകും. ഇത് പറഞ്ഞു മുൻപോട്ടു നടന്നു; ഏറെ നേരം ആരും ഒന്നും മിണ്ടിയില്ല.

ആ നിഷ്കളങ്ക ഹൃദയത്തിന് മുൻപിൽ പ്രണാമം... നിറകണ്ണുകളോടെ...